**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1231** **18-01-2021 - ൽ മറുപടിയ്ക്ക്**

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കുമോ; ഇതുവഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) | സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവല്പ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന മൂന്ന് പദ്ധതികളുടെ വിശദമായ സാധ്യതാ പഠനം നടത്തി റെയിൽവേ ബോർഡിനു സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. 1. തിരുവനന്തപുരം കാസർഗോട് അർദ്ധ അതിവേഗ പാത (സിൽവർലൈൻ) നിർമ്മാണം 2. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത 3. നിലമ്പൂർ - നഞ്ചൻ ഗുഡ് ബ്രോഡ് ഗേജ് പാത |
| (ബി) | പ്രസ്തുത ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | തിരുവനന്തപുരം കാസർഗോട് അർദ്ധ അതിവേഗ പാത (സിൽവർലൈൻ) നിർമ്മാണം പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11.06.2020 ലെ സ.ഉ(കൈ) നം. 18/2020/ഗതാ ഉത്തരവ് പ്രകാരം സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ പദ്ധതിയ്ക്ക് സർവ്വേ |

| | | | |
|---|---|---|---|
| | | | അനുമതി കർണാടക സർക്കാരിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി കർണാടക മുഖ്യമന്ത്രിക്കും, കേന്ദ്ര റെയിൽവേ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്. കൂടാതെ സർവ്വെ പ്രവർത്തനങ്ങൾക്കായി തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി ചീഫ് സെക്രട്ടറി, ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇൻഫ്രാസ്ട്രക്ച്ചർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കർണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അലൈൻറമെൻറ് ഫിക്സേഷനും സർവ്വേ അനുമതിക്കും വേണ്ടിയുള്ള ഉന്നതതല യോഗത്തിന് കർണാടക സർക്കരിന്റെ അനുകൂല മറുപടി പ്രതീക്ഷിക്കുന്നു. കൂടാതെ പ്രസ്തുത പദ്ധതിയുടെ സർവ്വേ നടപടികൾ മുന്നോട്ടു കൊണ്ടു പോകുന്നതിനു കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. നിലമ്പൂർ - നഞ്ചൻ ഗുഡ് ബ്രോഡ് ഗേജ് പാത അന്തർ സംസ്ഥാന പാതയായതിനാലും, വനത്തിലൂടെ കടന്ന് പോകുന്ന റെയിൽവേ പദ്ധതിയെന്ന നിലയ്ക്കും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് സ്റ്റാന്റിംഗ് കമ്മിറ്റി, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ആവശ്യമാണ്. പ്രാഥമിക സർവ്വെ, വിശദമായ സർവ്വെ എന്നിവ നടത്തുന്നതിനുള്ള അനുമതിയും ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യങ്ങളിലേക്കായി കേന്ദ്ര, കർണ്ണാടക സർക്കാരുകൾക്ക് കത്തുകൾ നൽകിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഹൈസ്പീഡ് റെയിൽ പദ്ധതിക്കായുള്ള ധനസമാഹരണം, വാല്യൂ കാപ്ചറിംഗ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | മൂലധന സമാഹരണവുമായി ബന്ധപ്പെട്ട് KFW, JICA, ലോക ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടന്നു വരുന്നു. ഇതോടൊപ്പം വിദേശ നിർമ്മാണ കമ്പനികൾ പദ്ധതിക്കായി ഇ.പി.സി. കരാറുകൾ നൽകുമെന്ന വ്യവസ്ഥയിൽ നിക്ഷേപത്തിനായി സന്നദ്ധത അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതം കിഫ്ബി മുഖേനയുള്ള ഓഹരി സമാഹരണം വഴി കണ്ടെത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വാല്യൂ ക്യാപ്ച്ചറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ തുടങ്ങുകയുള്ളൂ. |

സെക്ഷൻ ഓഫീസർ